032 :1 N046:11 G9

GUNDU PANIKKAR : VANAMALA

032 :1 N0 46 :11
G9

032:1N046:11
GUNDU PANIKKAR (P.) G9
...namala.

MUL
099680

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number 032:1N046:11 G9

Accession Number 99680

Available for loan from

This book should be returned on or before the date last marked below.

. 61

University Library, Madras
P Kundu Panikkar

# വനമാല.

Vanamala
by
P. Gundu Panikkar

പി. കുണ്ടുപ്പണിക്കർ

ചെരുപ്പുള്ളശ്ശേരി.

Printed at
The Kamalalaya Press,
OTTAPALAM.

500 Copies.

14—1—1939.

# സമൎപ്പണം

ശ്രീമത്

യോഗാനന്ദസ്വാമി അവർകളുടെ

പൂജ്യചരണാരവിന്ദങ്ങളിൽ.

99680
20685
032:1N046:11
69

# വനമാല.

രജനിപകുതിയായി സോമനംബ്ധ്യോവിലായി
പരമപുരുഷയോഗാൽ ഭ്രമി സന്തുഷ്ടയായി;
മരതകമണിവൎണ്ണൻ ഭ്രതലേ ജാതനായാൻ
ഹരി! ഹരി! ജഗദീശൻ ബാലഗോപാലകൃഷ്ണൻ. 1.

ദേവി ത്രൈലോക്യമായാഭഗവതി ഭുവനേ
    പൂൎണ്ണകാരുണ്യമോടും
പുണ്യാഭോഗൈകലക്ഷ്മീവ്രജയുവതിഗൃഹേ
    ജാതയായോരുനേരം
ശ്രീകൃഷ്ണൻ വാസുദേവൻ യദുകുലവനിതാ
    പുത്രനായ് ജാതനായാൻ
ശ്രീമൽ കൈവല്യമൂൎത്തി പരമപുരുഷനാം
    ശേഷശായീമുകുന്ദൻ. 2.

ശശിസമുദയകാലത്തഷ്ടമീപുണ്യകാലേ
സകലഗുണമുഹൂൎത്തേ, രോഹിണീസംഗകാലേ
നിഖിലഭുവനലീലാലോലബാലൻ ജനിച്ചാൻ
വ്യസനഭയവിമോഹാദ്യാൎത്തിഹാരീമുരാരീ. 3.

വിഭാതിനാരായണനാദിപൂരുഷൻ
സുശേഷശായി യദുരാജകേസരീ
സമസ്തകല്യാണപരൻ പരൻപുമാ-
ന നാഥനാഥൻ പരിപൂൎണ്ണനവ്യയൻ. 4.

ശ്രീപത്മനാഭ! കരുണാകര! ചക്രപാണേ!
ശ്രീവാസുദേവ! ധരണീധര! വിശ്വനാഥ!
ശ്രീവത്സമുഗ്ദ്ധ! മുരളീധര! ദേവദേവ!
ശ്രീരാധികേശ! നയനോത്സവ! കൃഷ്ണചന്ദ്ര! 5.

ശ്രീകൃഷ്ണ! കൃഷ്ണ! പരിപാലയ പൂൎണ്ണചന്ദ്ര!
ലോകാഭിരാമ! മധുസൂദന! വിശ്വമൂൎത്തേ!
മാൎത്താണ്ഡകോടിലസിതാനന! ഹേ! നമസ്തേ!
നാരായണാഖിലവിമോഹന! ദീനബന്ധോ! 6.

ആപാദചൂഡനയനോത്സവകാന്തിപൂരം
കാമാരിദേവ പരിപൂജിത ദിവ്യരൂപം
ആദിത്യകോടിസദൃശം കരുണാസമുദ്രം
വന്ദേ ഹരിം ഭുവനസുന്ദരമാംബുജാക്ഷം. 7.

പരമിതവപദാബ്ജം പാവനം ഭാവനീയം
സരസിരുഹസമാനം മോഹനംലോഭനീയം
പരമശിവ ഭവാനീപൂജിതംപൂജനീയം
സതതമഖിലലോക വന്ദിതംവന്ദനീയം. 8.

മരതകമണിതുല്യം കാളമേഘാവഭാസം
മദനമദനരൂപം വൃഷ്ണിവംശപ്രദീപം
അഖിലഭുവനയോഗം യോഗിനാമപ്യഗമ്യം
ഭവതുമമസമീപേ കൃഷ്ണരമ്യസ്വരൂപം. 9.

മത്സ്യകൂൎമ്മവരാഹസിംഹസുവാമനായ നമോസ്തുതേ
ഹംസസുന്ദര, ഭാൎഗ്ഗവായവിചിത്രവീൎയ്യനമോസ്തുതേ
രാമരാഘവ! രാമയാദവ! രാമഭദ്ര! നമോസ്തുതേ
മാധവായമനോഹരായനമശ്ശിവായനമോസ്തുതേ. 10

തൊഴുതേൻ തൊഴുതേൻ കമലാപതിയെ
തൊഴുതേൻ തൊഴുതേൻ വസുധാപതിയെ
തൊഴുതേൻ തൊഴുതേൻ കരുണാകരനെ
തൊഴുതേൻ തൊഴുതേൻ തൊഴുതേൻ തൊഴുതേൻ.11

ഹൃദയമതിലനേകം ദുർഗ്ഗുണങ്ങൾനിറഞ്ഞും
പുറമെയവയെയേററം ഛായപോൽകണ്ടുകണ്ടും
ഭുവനമതിലശേഷം വേറെയാതൊന്നുമില്ലെ-
ന്നൊരുനില നരകംതാൻകല്പനാമാത്രമിത്ഥം. 12.

അതിനുപകരമായിസ്സദ്ഗുണങ്ങൾ നിറഞ്ഞും
പരമിവയെയശേഷം ഛായപോൽകണ്ടുകണ്ടും
"ശുഭഗുണഗണമാത്രം സർവ്വ"മെന്നുള്ളഭാവം
വരുവതിലുമൊരന്യം സ്വർഗ്ഗമെന്താംനിനച്ചാൽ 13.

അതിലുമുപരിയായിസ്സർവ്വധർമ്മംത്യജിച്ചും
ഗുണഗണമതിലെല്ലാം സംഭ്രമം വിട്ടെറിഞ്ഞും
അഖിലമതിലുമാത്മാവൊന്നുതാനെന്നറിഞ്ഞും
പരമൊരുപരമാത്മാദർശനം മോക്ഷഭാവം. 14

വരുന്നതെല്ലാം വരും ദൃഢം നൂനം
ഗമിപ്പതെല്ലാം ഗമിച്ചിടും സദാ
ത്യജിക്ക ചിന്താമനർത്ഥകാരിണീം
ഭജിക്ക കൃഷ്ണം ജഗന്മയം സദാ. 15

അനുഗ്രഹംതന്നെ വരുന്നതെല്ലാം
പരിഭ്രമംവേണ്ട മനക്കരുന്നേ!
വിതച്ചവിത്തിൻെറ ഫലം ലഭിക്കും
"അലംഘനീയാ കമലാസനാജ്ഞാ". 16

വിപദിയൊരുസഹായം ദൈവമല്ലാതെയില്ല;
ധനയുവതി സുതന്മാർ കൂടവേ വ്യർത്ഥമാകും;
ഒരുവനതുണ്ണദൈവം നില്ക്കിലെല്ലാരുമുണ്ടാം;
പുനരതുവിപരീതം നില്ക്കിലില്ലാരുമേതും. 17

സഹസ്രനാമന്റെ മനോജ്ഞമാകും
സഹസ്രനാമങ്ങൾ ജപിക്കനെല്ലു,
സഹസ്രഭക്താവലി വന്നുചേർന്നാൽ
സഹസ്രവൈകുണ്ഠമതാകുമെങ്ങും. 18

ആഹാരനിദ്രാദിസമസ്തകാര്യം
സന്തോഷപൂർവ്വം ബതചെയ്തിടുന്നു
എന്നാൽ ഭവൽസേവനസാരകാര്യം
ചെയ്വാൻതരം മാത്രമതേതുമില്ല. 19

ശമമൊരുവനുമില്ലാ, സാരമില്ലാത്തതെല്ലാം
പകലിരവുനിനച്ചീടുന്നതേ സാരമായി;
അരുതരുതുവിമോഹം ചിത്തവിഭ്രാന്തിയേവം,
പരമിഹ ഹരിയെന്യേ യൊന്നുമേസാരമില്ല. 20

എന്നും മഹാന്മാർ ബഹുതുച്ഛകാര്യം
ചിന്തിച്ചുദുഃഖിക്കുമതെത്രചിത്രം!
മായാകുമാരന്റെ മനോജ്ഞമാകും
മായാവിലാസം പുനരെന്തുചെയ്യാം!! 21

പലവിധപണിചെയ്തും പാപമോരോന്നുരച്ചും
പലതുമിഹനിനച്ചും ഭാരമെല്ലാം വഹിച്ചും
പരനെയപഹസിച്ചും സാരമെല്ലാം ത്യജിച്ചും
ദിവസവുമകതാരിൽ കാട്ടുതീ ശാന്തിഹീനം! 22

മനസിവിവിധചിന്താ മോഹവിഭ്രാന്തിയാലി-
ന്നൊരുവനുമൊരുകാൎയ്യംപോലുമേയാവതില്ല;
കരുത്തുതനതുഭാരം തെല്ലുമില്ലെന്നുതന്നെ
വിട്ടുകസകലകാൎയ്യം കൃഷ്ണപാദാരവിന്ദേ. 23

ഹൃദയമധുപ! യെങ്ങും ചാടിയോടേണ്ടനീയും
സതതമധിവസിക്കാ കൃഷ്ണപാദാരവിന്ദേ
അവിടെയധികസൌഖ്യം നിത്യലക്ഷ്മീകടാക്ഷം
തവവരുമതുമല്ല, ശാശ്വതാനന്ദസൌഖ്യം. 24

ദേഹാദിനാനാവിധമിപ്രപഞ്ചം
മാനാദിനാനാവിധമോഹജാലം
സൎവ്വംഭവൽപ്രേരണയാകമൂല-
മെല്ലാംത്യജിക്കാം ഭഗവൽകടാക്ഷാൽ. 25

സൎവ്വം ത്യജിച്ചു ഭയദുഃഖവിഹീനനായി-
സ്സൎവ്വേശ്വരന്റെ ചരണം ശരണംഗമിക്ക
ഇത്ഥംതെളിഞ്ഞഹൃദികന്മഷനാശമൂലം
കൃഷ്ണൻസദാപികുടികൊണ്ടു തെളിഞ്ഞുവാഴും. 26

അഹന്താമമത്വപ്രഭൃത്യാദിദുഃഖം
പ്രപഞ്ചം ദുരന്തം മഹാമോഹഹേതും
പരിത്യജ്യസൎവ്വം ജഗജ്ജാലജാലം
മുകുന്ദം മുരാരിം ഭജസ്വാൎത്തിനാശം. 27

എന്റെയെന്നുനിനച്ചുമാനുഷരെത്രകഷ്ടമകപ്പെടാം!!
കൃഷ്ണ! കൃഷ്ണ! മുകുന്ദ! മാധവ! വാസുദേവ! ജഗല്പതേ!
ഞാനുമെന്റെയുമെന്നകല്പനവിസ്മയംബഹുവിസ്മയം
ഏകമാകിയസാഗരത്തിലെയോളവും തിരമാലയും. 28

99680
032:3N046:11
G9

നാരായണന്റെ കളിയാണിതുകാണ്മതെല്ലാം
മായാമയം പരമപൂരുഷചിത്രശാല
കാലാത്മകം ബഹുമനോഹരമിന്ദ്രജാലം
കോലാഹലം സകലലോകകുതൂഹലഞ്ച. 29

സകലവുമുലകത്തിൽ മായതൻ ചേഷ്ടിതങ്ങൾ,
കലഹവുമതുപോലെ സ്നേഹഭാവങ്ങളെല്ലാം,
പദവി,ധനസുഖാദ്യം, സർവ്വം മിഥ്യമിതല്ല്യാം;
പരമൊരുപരമാർത്ഥം വാസുദേവം ഭജിക്ക. 30

ധനം പദാർത്ഥാദികളെന്നിതെല്ലാം
മനം മയക്കുന്നതിനുള്ള മാർഗ്ഗം,
എനിക്കെനിക്കെന്നു തിരക്കുവാനും
നിറഞ്ഞ ദൈവത്തെ മറക്കുവാനും. 31

ആകാശം നീലമേഘം പനിമതിയഴകേറുന്ന
നക്ഷത്രജാലം
ശ്രീഭാസ്വാൻ ലോകമെല്ലാം പരിചൊടു
വിലസീടുന്ന പ്രത്യക്ഷദൈവം
ഗോപാലൻ, വാസുദേവൻ മഹിമപരമെഴും
മാധവൻ ലോകനാഥൻ
സർവ്വർക്കും തുല്യമാകുമ്പൊഴതു കഥമഹോ
ഭേദബുദ്ധിന്നർാണാം !! 32

ഭയം സദാ മേ ദ്വയബുദ്ധിമൂലം
ഭ്രമം സദാ മേ ബഹുചിന്തമൂലം
ഭയം ഭ്രമം ചിത്തവിമോഹമെല്ലാം
ഹരേ, ഹരിച്ചീടുക ചക്രപാണേ! 33

നിത്യം നാനാവിചാരൈഃകലുഷിതമനസാ
മോഹവിഭ്രാന്തിയോടും
ദേഹേ വിത്തേ കളത്രേ മമതപര,മഹ-
ങ്കാരമൂലംരമിച്ചും
ബാഹ്യേ ബാഹ്യേ വിചിത്രേ ബഹുവിഷയഗണേ
ഭേദബുദ്ധ്യാഭ്രമിച്ചും
മായാസംസാരകൂപേ വലയുമടിയനെ-
ക്കാത്തുകൊൾകാർത്തബന്ധോ! 34

എന്തെല്ലാം മോഹജാലം പകലിരവുസദാ
മേല്ക്കുമേൽവന്നിടുന്നു-
ണ്ടോർത്തീടിൽ ലജ്ജയാകും ശിവശിവജഗദീ
ശസ്യമായാവിലാസം
ധൈര്യം തീരെവെടിഞ്ഞും വിഷയരസമഹാ-
കൂപമദ്ധ്യേ വലഞ്ഞും
കാലം പോകുന്നുനിത്യം മതിമതിയിനിമേൽ
വേണ്ടജന്മം മുരാരേ! 35

സംസാരാംഭോധിതന്നക്കരയുടെ കഥയും
വിസ്മരിച്ചോരുഞാനും
ത്തുള്ളിക്കൊണ്ടുന്നനാനാതിരനരച്ചുഴിയിൽ
സാരബുദ്ധ്യാതിരിഞ്ഞും
പാരാതങ്ങിങ്ങലഞ്ഞും സുഖമൊരുതരവും
കണ്ടിടാതേ വലഞ്ഞും
കാലംനന്നെക്കഴിച്ചു, ശിവ!ശിവ!യിനി
മേൽവേണ്ടജന്മംമുരാരേ. 36

വേണ്ടതില്ലമമരാജ്യപൂജ്യമഹിമാദി
മാനവിഭവങ്ങളും
വേണ്ടതില്ല ധനധാന്യരമ്യകനകാദിവസ്തു
നിലയങ്ങളും,
വേണ്ടവേണ്ട മമമിത്രബന്ധുതനയാദി
കാമ്യവിഷയങ്ങളും
വേണ്ടതിന്നു മമകൃഷ്ണഭക്തിസമൃദ്ധി
ശാന്തിപരിതുഷ്ടിയും. 37.

ജനനമരണകൂപേ വ്യാധിദുഃഖാദികൂപേ
വിവിധവിഷയകൂപേ മാനസഭ്രാന്തികൂപേ
ഗൃഹിണിതനയകൂപേ തീവ്രസംസാരകൂപേ
ഹരിഹരിവലയുന്നു ത്രാഹിമാം ദീനനാഥ! 38

സംസാരസാഗരമതിൻ കരകാണ്മതില്ല
താനേകടപ്പതിനസാദ്ധ്യമതെന്നു നൂനം;
ആകുന്നവണ്ണമരവിന്ദദളായതാക്ഷം
ശ്രീമാധവം ഭജനചെയ്യണമുള്ളകാലം. 39

അടിമുതൽമുടിയോളം കൃഷ്ണ!നിൻകോമളാംഗം
മധുരമധുരപൂരം കണ്ടു രോമാഞ്ചമാർന്നേൻ
തരികബത ഭവാനീ രൂപസന്ദർശനം മമേ
സതത,മപരമേതും ഞാൻ കൊതിപ്പീല നാഥ! 40

കാളിയന്റെമദംകെടുത്തൊരുപാദമേ!
ഹരിപാദമേ!
മാമകീയമദംകെടുക്കണമെപ്പൊഴും
മമദൈവമേ!

MUL
099680

വാസുദേവ!ജഗല്പതേ,തവപാദമേ
ഗതിയെന്നുമേ
പാദമേ,തവപാദമേ,ഹരിപാദമേ
ഹരിപാദമേ. 41

മധുമഥന!മുരാരേ!മാമകം പാപജാലം
തവമഹിതകൃപാബ്ധൗ നാശമാക്കീടവേണം
തവകരുണയൊഴിഞ്ഞിട്ടില്ലൊരാലംബമോൎത്താ-
ലൊരുവനുമൊരുനാളും തെല്ലുസന്ദേഹമില്ല. 42

ഉന്മൂലയാദ്യഭഗവൻ മമപാപമെല്ലാം
നന്മാൎജ്ജയാശുഹൃദയം പരിതോഷവഷാൽ
ശ്രീകൃഷ്ണരാമഹരിനാമജപംസദാമേ
ജിഹ്വാഗ്രസീമനിഭവേൽദൃഢഭക്തിയുക്തം. 43

മമതപെരിയദുഃഖംകല്പനാമാത്രമേവം,
ത്രിഭുവനമൊരുപോലെ മാമകംതന്നെനൂനം;
പ്രതിനിമിഷമുദിയ്ക്കും ഹന്ത!നാനാത്വബുദ്ധി-
ഭ്രമമതുമുഴുവൻപോയൈക്യസൌഖ്യംവരേണം. 44

ഞാനെന്റെയെന്നകലുഷസ്ഥിതിവിട്ടിടേണം
തീരെനശിപ്പതിനശക്യമതെന്നുവന്നാൽ
ഛായാസമാനമതിലോലമതാകുവാൻനീ
ലീലാകുമാര! തുണചെയ്യുകമാമനാഥം. 45

മോഹങ്ങളെല്ലാമഭിമാനസംഭവം;
സ്നേഹങ്ങൾമായാമയഭേദസംഭ്രമം;
വെടിഞ്ഞിതെല്ലാമിഹകൃഷ്ണചന്ദ്രനേ
നിറഞ്ഞുഞാൻകാണണമെങ്ങുപാൎക്കിലും 46

സന്താപമെല്ലാമകലെക്കളഞ്ഞും
സർവ്വത്രകൃഷ്ണം ബതകണ്ടുകണ്ടും
പരാർദ്രതാപൂരിത ചിത്തപൂർവ്വം
ചരിപ്പതിന്നാശ്ശംസ ചെയ്യുകെന്നെ. 47.

പുറമെയുമകമേയും കൃഷ്ണനെക്കണ്ടിടേണം;
സകലവുമുലകത്തിൽ കൃഷ്ണനായ്ത്തോന്നിടേണം;
അരുതുമമ മനസ്സിൽ ഭേദഭാവങ്ങളൊന്നും;
പരമൊരുവരവുംമേ വേണ്ടതില്ലാമുരാരേ! 48.

ചെയ്യുന്നതെല്ലാമിഹ കൃഷ്ണയജ്ഞം;
കാണുന്നതെല്ലാമിഹ കൃഷ്ണലീല;
കേൾക്കുന്നതെല്ലാമിഹ കൃഷ്ണഗാഥ;
ശ്രീകൃഷ്ണപൂർണ്ണം സകലപ്രപഞ്ചം. 49.

വരിക വരിക കൃഷ്ണാ! മാമകേ ചിത്തരംഗേ
സതതമധിവസിച്ചീടേണമേ സർവ്വഭാവേ!
മമതപെരുകിയേററം മാനസഭ്രാന്തിമൂലം
കൊടിയ വിഷയമാർഗ്ഗം തന്നെഞാനാശ്രയിച്ചു. 50

ഹൃദയകമലദേശേ കൃഷ്ണ! നീവന്നുനന്നാ-
യധരമണിസമീപന്യസ്തമാം വേണുവോടും
മധുരമമൃതഗീതം മെല്ലവേ പാടിയാടി-
ക്കനിവൊടഖിലകാലം വാഴുമോ നന്ദസൂനോ! 51.

പാലുതരാം വെണ്ണതരാം ചീരതരാം കല്ലവില്ലും,
പീലിതരാം പട്ടുതരാം മാലതരാം കുങ്കുമവും,
ഗോപികമാർ കൂടെവരാം നാരദനും തുംബുരുവും,
മാമുനിമാർകോടിവരാ മുദ്ധവരും പാണ്ഡവനും. 52.

ചരണമിഹ സദാഞാൻ കൈതൊഴുന്നേൻ തൊഴുന്നേൻ
ശരണമിഹ സദാമേ, കൃഷ്ണപാദാരവിന്ദം
സകലഭുവനബന്ധോ! സച്ചിദാനന്ദസിന്ധോ!
സദനമിതു വിടായ്ക്കിട്ടാസനെക്കൈവിടായ്ക. 53.

ഹരിയുടെ തിരുനാമം സർവ്വദാ കേട്ടിടേണം
ഹരിയുടെ തിരുരൂപം സർവ്വദാ കണ്ടിടേണം
ഹരിയുടെ തിരുഭക്തന്മാരുമായിട്ടുനിത്യം
ഹരിതിരുവടിഹൃത്തിൽ നൃത്തമാടീടവേണം. 54.

ശ്രീപാദം വാഴ്കനിത്യം മമഹൃദയതലേ
കൃഷ്ണ!കാരുണ്യസിന്ധോ!
രാസക്രീഡാദിലീലാനടനമനുകരിച്ചുള്ള
പാദാരവിന്ദം
കാളിന്ദീവാരിമദ്ധ്യേ ഫണിവരമകുടേ
മുദ്രിതം പാദപത്മം
സാന്ദ്രാനന്ദാമൃതശ്രീയനുപമമൊഴുകും
ദിവ്യമാശ്ചര്യ്യപാദം. 55.

മിന്നുന്നപൊന്നും നവരത്നമെല്ലാം
തെല്ലുംതരുന്നീലൊരു തോഷവുംമേ
തൃക്കണ്ണു, ഹാസം, തിരുപീലി, പാദ-
മല്ലാതെവേറൊന്നുമെനിക്കുവേണ്ട. 56.

പീലി, പാദതളിർ, വേണുനിനാദം,
നേത്രഭംഗി, മൃദുഹാസവിനോദം
മങ്ങിടാതെമമ ഹൃത്തിൽവിളങ്ങും
കാലമെങ്ങു മമ ശോകവിമോഹം? 57.

അഹമഹമിതിബുദ്ധ്യാ സൎവ്വകാലംമുരാരേ!
നിഖിലരുമിഹതാനേ നഷ്ടരായ്പോയിടുന്നു.
അഹിവരശയനാ! നിൻ ദാസദാസസ്യദാസോ-
സ്മ്യഹമിഹജഗദീശാ! പാഹിമാംദീനബന്ധോ! 58.

ലീലാനാടകജീവിതം ഭവതുമേശാന്തി-
ർദ്ദയാ സൌമ്യതാ
ധ്യാനാൽ സൎവ്വചരാചരേഷ്വപിസദാ
കൃഷ്ണസ്യസന്ദൎശനം
ലോകാൻനിൎമ്മലമാനസേന ബഹുധാ
ശുശ്രൂഷയാസേവനം
വേദാന്തോപനിഷത്സുസാരഭഗവൽ
ഗീതാൎത്ഥ സംസേവനം. 59.

മോദിക്കേണം ഭുവനമഖിലം ഗോകുലേശാ!
നമസ്തേ,
കാളിക്കുള്ളും ദുരിതവിപിനം ഭസ്മമായ്
തീൎന്നിടേണം;
ലോകൎക്കെല്ലാമഖിലസുഖവും നിത്യ
മുണ്ടാകവേണം;
ബ്രഹ്മാനന്ദം പരമസുഖദംമേല്ക്കുമേൽ
വന്നിടേണം. 60.

ശാന്തി, സ്സാമ്യം, സൎവ്വഭൂതാനുകമ്പാ,
പൂൎണ്ണാനന്ദം, വാസുദേവൈകദൃഷ്ടി
ലോകൎക്കെല്ലാം നിത്യമുണ്ടാകവേണം
സത്യം, ധൎമ്മം, ശാശ്വതം സൎവ്വസൌഖ്യം. 61.

ചിന്തിച്ചുവിശ്വമഖിലം തവലീലയെന്നും
ചിന്തിച്ചുവിശ്വമഖിലം തവമാലയെന്നും
എന്താകിലും വിപിനമാലവിശേഷമെന്നും
ഭക്ത്യാമയാവിരചിതാ "വനമാല" യേവം. 62

വാസുദേവ! തവപാദപങ്കജേ
വെച്ചിടുന്നു "വനമാല" സാദരം;
പാഹിപാഹി തവ പാദസേവകം
ദാസദാസമയി ഭക്തവത്സല! 63

മുരളിയൊരുകരത്തിൽ ചോറു മറ്റേ
ക്കരത്തിൽ
സഖികളിരുപുറത്തും കാലിയെല്ലാ
വശത്തും
ഇതിപരിവിലസുന്നു ഹന്ത! വൃന്ദാ
വനത്തിൽ
ഹരി! ഹരി! ജഗദീശൻ ബാലഗോപാല
കൃഷ്ണൻ. 64

MUL
099680

ശുഭമസ്തു.

B-124

20 SEP 1941